Uncorrected/Not for publication
07-10-2025

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 09.21-ന് നിർത്തിവച്ച സഭ 09.58-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: സ്ലോഗൻസും പ്രൊട്ടസ്റ്റുമൊക്കെ ഡെമോക്രസിയുടെ ഭാഗമാണ്. പക്ഷെ, സ്ലോഗൻസൊക്കെ ഷൗട്ട് ചെയ്യുമ്പോൾ ഡെക്കോറം കീപ്പ് ചെയ്യണം. ചെയർ പേര് പരാമർശിക്കുന്നില്ല.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടന്നു.)

## II ശ്രദ്ധക്ഷണിക്കൽ

### ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. എ. രാജ: സർ, കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന

പ്രയാസങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. ( ...ബഹളം... ) 1800 മുതൽ, ബ്രിട്ടീഷുകാരുടെ ഭരണകാലത്തും 1950-നുമുമ്പും (ഐക്യകേരളം രൂപപ്പെടുന്നതിനുമുമ്പുതന്നെ) ആറും ഏഴും തലമുറകളായി തോട്ടം മേഖലയിലേയ്ക്കും മറ്റാവശ്യങ്ങൾക്കുമായി കുടിയേറിയവരും സ്ഥിരതാമസമാക്കിയവരുമാണ് ഇവർ. 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവനുസരിച്ച് കേരളത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ 1950-നുമുമ്പ് കേരളത്തിലെത്തിയെന്നത് തെളിയിക്കുന്ന രേഖകളുണ്ടെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. സംസ്ഥാന പട്ടികജാതി, പട്ടികവർഗ പട്ടികയിൽ ആവശ്യപ്പെടുന്ന സമുദായമായിട്ടുപോലും 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആധികാരികമായിട്ടുള്ള രേഖകളില്ലാത്തതിനാൽ ജാതി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകളാണ് അനുഭവപ്പെടുന്നത്. നേരത്തെ മുതൽ ഈ വിഷയം നിലനിൽക്കുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ നിർദേശമനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച ജി.ഒ. 10/86 അനുസരിച്ച്

എട്ടോളം രേഖകൾ പ്രകാരമാണ് ജാതി സർട്ടിഫിക്കറ്റുകൾ നിലവിൽ അനുവദിച്ചുകൊണ്ടിരിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്ന കുറെ കാര്യങ്ങൾ പ്രായോഗികമല്ലാത്തവയാണ്. അതായത്, 1950-നുമുമ്പുള്ള സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നൊക്കെയാണ് പറയുന്നത്. എന്നാൽ ആ സമയത്ത് സ്കൂളിൽ പോകാത്ത ആളുകളുമുണ്ട്. അത്തരത്തിലുള്ള വിഷയങ്ങളൊക്കെ നിലവിലുണ്ട്. ലോക്കൽ എൻക്വയറി നടത്തി അയൽ സാക്ഷിമൊഴി രേഖപ്പെടുത്തിക്കൊണ്ടാണ് നിലവിൽ ജാതി സർട്ടിഫിക്കറ്റുകൾ നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ അതേ സമുദായത്തിൽപ്പെട്ട ആളുകളുടെയും 70 വയസ്സ് കഴിഞ്ഞ ആളുകളുടെയും സാക്ഷിമൊഴികൾ രേഖപ്പെടുത്തിക്കൊണ്ട് സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. തെരഞ്ഞെടുപ്പ് സമയത്ത് എനിക്കെതിരെ ഒരു കേസുകൊടുത്തപ്പോൾ ഈ വിഷയം ഉന്നയിച്ചുകൊണ്ട് എതിരാളികൾ കോടതിയിൽ പോയി. എന്നാൽ ഹൈക്കോടതിയിൽ കേസ് റദ്ദ് ചെയ്തതിനെ തുടർന്ന് സുപ്രീംകോടതിയിൽ കേസ് പുനഃസ്ഥാപിക്കുകയുണ്ടായി. നിലവിൽ നൽകിവരുന്ന ജാതിസർട്ടിഫിക്കറ്റ് Constitution (Scheduled Castes)

order, 1950 അനുസരിച്ച് വീണ്ടും അമെന്റ് ചെയ്തിട്ടുണ്ട്..........1976-ൽ ഇത് ഭേദഗതി വരുത്തിയിട്ടുണ്ട്.(ബഹളം)..........

മി. സ്പീക്കർ: യെസ്........യെസ്........ (ബഹളം)..........

ശ്രീ. എ. രാജ: സർ, എന്നാൽ ഇപ്പോഴും 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഔദ്യോഗിക ഭാഷാനയം വ്യക്തമാക്കിക്കൊണ്ടും 1969-ലെ ആക്റ്റ് കണക്കിലെടുത്തുകൊണ്ടും കേരളത്തിൽ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരമായും സാമൂഹ്യപരമായിട്ടുമുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടിയും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള തടസ്സം മാറ്റുന്നതിനുവേണ്ടിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് കമ്മീഷനെ വയ്ക്കുകയും ചെയ്തു. അദ്ദേഹം റിപ്പോർട്ട് നൽകുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു പൗരന് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് ഈ പ്രശ്നത്തിന്

പരിഹാരമുണ്ടാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1950-നമുമ്പ് ഇതര സംസ്ഥാനത്തുനിന്ന് കുടിയേറുകയും കേരളത്തിൽ സ്ഥിര താമസമാക്കുകയും ചെയ്ത തമിഴ് ഭാഷാ ന്യൂനപക്ഷവിഭാഗങ്ങൾക്ക് മാത്രമാണ് നിലവിലെ ചട്ടപ്രകാരം ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നത്. ഈ കാലപരിധി 1970 ജനുവരി 1-ന് മുമ്പായി പുനർനിർണ്ണയിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നത് .....(ബഹളം)...... 1950-ന് മുമ്പ് കേരളത്തിലുണ്ടായിരുന്ന തിരുവിതാംകൂർ, കൊച്ചി, മദ്രാസ് പ്രസിഡന്റ്സ് ഭരണമേഖലകളിലെ കുടിയേറ്റം, സ്ഥിരവാസം എന്നിവ സംബന്ധിച്ച് ആധികാരിക രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ നിലവിലെ വ്യവസ്ഥ പരിഷ്കരിക്കുന്നതിന് വിശദമായ പരിശോധനകൾ ആവശ്യമാണ്. കുടിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ യൂണിയൻ ലിസ്റ്റിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാരിന് മാത്രമേ

മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ കഴിയുകയുള്ളൂ. കേരളത്തിലേക്ക് കുടിയേറിയ ഒരാൾക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് കേന്ദ്ര സർക്കാർ നിർദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും ആവശ്യമായ ഭേദഗതി നിർദേശിക്കുന്നതിനുമായി 16-04-2025-ൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം ചേർന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26-08-2025-ൽ ചേർന്ന ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗം ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. എ. രാജ: സർ, 1900-നുമുമ്പുതന്നെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിയവരുടെ ലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ലിസ്റ്റ് താലൂക്ക് തലത്തിൽ പ്രസിദ്ധീകരിച്ച് ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

Uncorrected/Not for publication
07-10-2025

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാനുള്ള കാര്യങ്ങൾ വളരെ പരിമിതമാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ്. അതിനാണ് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(നോട്ടീസ് നല്കിയ അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിക്കപ്പെട്ടില്ല.)